ഉത്തരം

(എ) ഉണ്ട്.

(ബി, സി) കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതീകരണം, സാനിട്ടേഷൻ, വാട്ടർ സപ്ലൈ എന്നിവയുടെ ജോലി പൂർത്തിയായി കഴിഞ്ഞാലുടൻ തന്നെ ആശുപത്രി തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ബിവറേജസ് കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗത്തിന്റെ പരിശോധന

331. [413] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗം പരിശോധനയിൽ ഉപയോഗമില്ലാത്ത വിദേശമദ്യങ്ങൾ 1-4-1983 മുതൽ 30-9-1986 വരെ കണ്ടുപിടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) ഇതുമൂലം കോർപ്പറേഷന് എന്ത് നഷ്ടം വന്നിട്ടുണ്ട് ;

(സി) പത്തനംതിട്ടയിൽ പച്ച നിറത്തിലുള്ള ട്രിപ്പിൾ ക്രൗൺ ബ്രാൻഡികൾ പിടിച്ചെന്നും അത്തരത്തിലുള്ള എല്ലാ ബ്രാൻഡി വിൽപ്പനയും സംസ്ഥാനത്ത് തടഞ്ഞുവെന്നും അറിയുന്നതു ശരിയാണോ ;

(ഡി) എങ്കിൽ ഇക്കാര്യത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ഈ ഇനത്തിൽ എത്ര സംഖ്യയുടെ ബ്രാൻഡി വാങ്ങിച്ചു ; എത്ര വിറ്റു ; ഇനി ബാക്കി എത്രയുണ്ട് ;

(എഫ്) ഈ ബ്രാൻഡി വാങ്ങിയതിൽ ആർക്കെല്ലാം ഉത്തരവാദിത്വമുണ്ട് ;

(ജി) ബ്രാൻഡി പരിശോധിച്ചതിൽ മായം ചേർത്തതാണെന്ന് തെളിഞ്ഞുവോ ;

(എച്ച്) എവിടെ അയച്ചാണ് പരിശോധിച്ചത് ?

ഉത്തരം

(എ) 1-4-1984 മുതലാണ് ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യത്തിന്റെ വിതരണം ഏറ്റെടുത്തത്. ഉപയോഗയോഗ്യമല്ലാത്ത 1200 കേയ്സ് ബിയറും 1 കുപ്പി ബ്രാൻഡിയും ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ട്.

(ബി) ബിയറിന്റെ വില വിൽപ്പനയ്ക്കുശേഷം മാത്രമേ നൽകാറുള്ളൂ. ഉപയോഗശൂന്യമായ ബ്രാൻഡിയുടെ വില കമ്പനിക്കാർ നൽകും. അതിനാൽ ഇതുമൂലം കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(സി) മദ്യത്തിന്റെ ഗുണം, വിൽപ്പന എന്നിവയെപ്പറ്റി അവലോകനം ചെയ്യുന്നതിന് കോർപ്പറേഷന്റെ എല്ലാ വെയർഹൗസുകളിലും ഹോംസെയിൽ ഷോപ്പുകളിലും കോർപ്പറേഷൻ അധികൃതർ കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ട്.

(ഡി) ഈ പരിശോധനയിൽ പത്തനംതിട്ടയിലെ ഹോംസെയിൽ കടയിൽ പച്ചനിറത്തിലുള്ള ഒരു കുപ്പി ട്രിപ്പിൾ ക്രൗൺ ബ്രാൻഡി ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത കുപ്പി ഗവൺമെന്റ് കെമിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സാമിനർക്ക് രാസപരിശോധനയ്ക്കായി അയച്ചു. കെമിക്കൽ എക്സാമിനർ ഇത് ഉപയോഗയോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ബ്രാൻറിന്റെ വിൽപ്പന തൽക്കാലത്തേക്ക് നിർത്തിവച്ചിട്ടുണ്ട്.

(ഇ) 5,12,000 രൂപയ്ക്കുള്ള ബ്രാൻഡി വാങ്ങിയതിൽ 2,74,100 രൂപയ്ക്കുള്ള ബ്രാൻഡി വിറ്റഴിഞ്ഞു. 2,37,900 രൂപയ്ക്കുള്ള ബ്രാൻഡി ബാക്കിയുണ്ട്.

(എഫ്) കോർപ്പറേഷൻ ഡയറക്ടർ ബോർഡാണ് പർച്ചേസ് നടത്തുന്നത്.

(ജി) മായം ചേർത്തതാണോ എന്നു വിശദമായ പരിശോധന കൂടാതെ പറയാൻ നിർവാഹമില്ല. അതേ സമയം പ്രസ്തുത കുപ്പി മദ്യം മാത്രം ഉപയോഗയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) ഗവൺമെൻറ് കെമിക്കൽ എക്സാമിനറുടെ തിരുവനന്തപുരം ലബോറട്ടറിയിലാണ് പരിശോധന നടത്തിയത്.

ബിവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിലെ മായം

332. (414) ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബിവറേജസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മദ്യത്തിൽ മായം കലർന്നിട്ടുണ്ടെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാസൗജന്യം

333. [415) ശ്രീ. സി. എസ്. തോമസ് :
,, പി. സി. ജോർജ്ജ് :
,, ടി. എസ്. ജോൺ ;
,, ഇ. ജെ. ലൂക്കോസ് :
,, വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. ആർ. ടി. സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് സമ്പൂർണ്ണ യാത്രാ സൗജന്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ കെ. എസ്. ആർ. ടി. സി. യിലെ ടെക്നിക്കൽ ഡയറക്ടർ ശ്രീമാൻ നിർമ്മലൻ തമ്പിയോട് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ഇതുവരേയും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly